"ഭരണഭാഷ - മാതൃഭാഷ"

നം.എ2/7680/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 15/07/2021.
ഫോൺ - 0471-2580513
ഇ-മെയിൽ - supdta@kerala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - പട്ടികവർഗ്ഗ വികസന വകുപ്പ് - മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകരുടെ സ്ഥലം മാറ്റം മുഖേനയുള്ള നിയമനം 2021-22 ലേയ്ക്കുള്ളത് - സംബന്ധിച്ച്.

സൂചന:
1) സ.ഉ.(ആർ.റ്റി) നമ്പർ 2307/2008/പൊ.വി.വ. തീയതി 23/05/2008.
2) സ.ഉ.(സാധാ) നമ്പർ 1071/2011/പ.ജി.പ.വ.വി.വ., തീയതി 05/11/2011.
3) സർക്കാരിന്റെ 25/01/2012 തീയതിയിലെ 77830/ആർ1/2011/ പൊ.വി.വ. നമ്പർ കത്ത്.
4) സർക്കാരിന്റെ 16/08/2012 തീയതിയിലെ 12012/ആർ1/2012/ പൊ.വി.വ. നമ്പർ കത്ത്.
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/12/2014-ലെ എ1/ 40801/14/ഡി.പി.ഐ നമ്പർ സർക്കുലർ.
6) 07/10/2020 ലെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഡി4/6598/2020 നമ്പർ ഉത്തരവ്.
7) 19/04/2021 ലെ ഈ ഓഫീസിന്റെ എ2/7680/2020/ഡിജിഇ നമ്പർ സർക്കുലർ.
8) 05/07/2021 ലെ ഈ ഓഫീസിന്റെ ഇതേ നമ്പർ കത്ത്.

*********

സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളു കളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം മുഖേന അധ്യാപകരെ നിയമിക്കുന്ന തിനുള്ള പാനൽ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന അധ്യാപകരെ കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടു വിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കൺവീനറുമായ ബോർഡാണ് കൂടിക്കാഴ്ച നടത്തുന്നത്. സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് പഠിപ്പിക്കുവാനും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുവാനും താൽപര്യമുള്ള അധ്യാപകർ മാത്രം സൂചന (8) പ്രകാരം തയ്യാറാക്കിയ അപേക്ഷ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒഴിവുള്ള സ്കൂളുകളിലേയ്ക്ക് 22/07/2021 ന് രാവിലെ 9.00 മണിക്ക് കൂടിക്കാഴ്ച

നടത്തുന്നതാണ്. ബോർഡ് രൂപീകരിക്കുന്ന പാനലിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരിക്കും അധ്യാപക നിയമനം നടത്തുന്നത്.

<u>വ്യവസ്ഥകൾ</u>

1. നിയമനം ലഭിക്കുന്ന അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യാപനം നടത്തേണ്ടതാണ്.
2. പാനലിൽ നിന്നുള്ള നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദു ചെയ്തു നൽകുന്നതല്ല. നിയമനം ലഭിച്ചാൽ നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായ നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.
3. അഭിമുഖത്തിലൂടെയുള്ള നിയമനങ്ങൾ പൊതുതാൽപര്യാർത്ഥമുള്ള നിയമനങ്ങളായതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനു പരിഗണിക്കുവാൻ നിലവിൽ യോഗ്യതയില്ലാത്ത അധ്യാപകർക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്.
4. നിയമനം ലഭിക്കുന്ന എല്ലാ അധ്യാപകർക്കും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലം (കുറഞ്ഞത്) നിയമനം ലഭിക്കുന്ന സ്കൂളിൽ ജോലി ചെയ്യേണ്ടതാണ്.
5. എം.ആർ.എസ്. സ്ഥിതി ചെയ്യുന്ന ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന യോഗ്യതയുള്ള അധ്യാപകർക്ക് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം ആയത് അനുവദിച്ചു നൽകുന്നതാണ്. ഇതിലേയ്ക്കായി നിയമനം അന്തർജില്ലാ സ്ഥലംമാറ്റമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പ്രത്യേകമായി തയ്യാറാക്കി പ്രധാനാധ്യാപകന്റെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ശുപാർശയോടുകൂടി കൂടിക്കാഴ്ച സമയത്തുതന്നെ ഹാജരാക്കേണ്ടതാണ്.
6. യോഗ്യതയുണ്ടായിട്ടും അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടാത്ത അധ്യാപകരെയും അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ യോഗ്യതയില്ലാത്ത അധ്യാപകരെയും എം.ആർ.എസ്.-ലെ സേവനകാലാവധിയ്ക്കുശേഷം മാതൃജില്ലയിലേക്ക് മടക്കി അയയ്ക്കുന്നതാണ്. ഈ അധ്യാപകരുടെ എം.ആർ.എസ്. സേവനകാലം മാതൃജില്ലയിൽ നിലനിർത്തി സീനിയോരിറ്റി കണക്കാക്കാവുന്നതാണ്.
7. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്.-ൽ നിയമനം ലഭിക്കുന്നവർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നവർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനു ശേഷം ജില്ലയ്ക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അധ്യാപകരെ എം.ആർ.എസ്.-ൽ നിന്നും വിടുതൽ ചെയ്യുന്നതിലേയ്ക്കായി പ്രധാനാധ്യാപകന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണ്.

8. കാലാകാലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ ബാധ്യസ്ഥരാണ്.
9. ശിക്ഷാനടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്-ലെ സേവനം അവസാനിപ്പിക്കുകയാണെങ്കിൽ അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ വന്നത് അതേ ജില്ലയിലേക്കുതന്നെ മാറ്റി നിയമിക്കുന്ന തായിരിക്കും.
10. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മാനേജർ-കം-റസിഡൻഷ്യൽ ട്യൂട്ടർ (എം.സി.ആർ.റ്റി) തസ്തികയിൽ എച്ച്.എസ്.എ. കേഡറിലുള്ളവരെ മാത്രമാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ ഓഫീസിലെ സൂചന (5) പ്രകാരമുള്ള സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.
11. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം സൂചന (8) പ്രകാരം നൽകിയിട്ടുള്ളതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഇ-മെയിൽ മുഖാന്തിരം)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } (ഉപഡയറക്ടർ മുഖാന്തിരം)
5. എല്ലാ ഹെഡ്മാസ്റ്റർമാർക്കും. }
6. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.ടി.@സ്കൂൾ പ്രോജക്ട് } പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി നൽകുന്നു.
7. കരുതൽ ഫയൽ

എം.എസ്.